(സി) ഇതിന് 1986–87–ലെ ബഡ്ജറിൽ വകകൊള്ളിച്ചിട്ടുള്ളത് എത്ര രൂപയാണ്;

(ഡി) ഈ പാലത്തിന്റെ മൊത്തം എസ്റ്റിമേറ്റ് തുക എത്ര രൂപയാണ്;

(ഇ) സാധാരണയായി എസ്റ്റിമേറ്റ് തുക മുഴുവൻ ബഡ്ജറിൽ വകയിരുത്തിയാൽ മാത്രമേ വർക്ക് ടെണ്ടർ ചെയ്യാൻ അനുമതി നൽകൂ എന്ന നയം ഗവൺമെന്റ് സ്വീകരിക്കാറുണ്ടോ;

(എഫ്) ഇല്ലെങ്കിൽ ഈ വർക്കിന്റെ കാര്യത്തിൽ അപ്രകാരമുള്ള നയം സ്വീകരിക്കാൻ കാരണമെന്ത്?

ഉത്തരം

(എ) ഇല്ല.

(ബി) പ്രത്യേക അനുവാദത്തിനു വേണ്ടിയുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നതേയുള്ളൂ.

(സി) ഏഴു ലക്ഷം രൂപ

(ഡി) 18.50 ലക്ഷം രൂപ

(ഇ) ഇല്ല.

(എഫ്) അങ്ങനെ ഒരു നയം സ്വീകരിച്ചിട്ടില്ല. സാമ്പത്തിക പരിമിതികളും കാരണം വർക്കുകൾക്ക് പ്രയോറിറ്റി നൽകി പണി ഏറ്റെടുക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

മാക്കനാൽ തോട്ടിലേയും കാക്കതോട്ടിലേയും പാലങ്ങൾ

407 [442] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളുടെ വിഹിതം സ്വീകരിച്ചുകൊണ്ട് പഞ്ചായത്ത് റോഡിന് പാലം പണിയുവാനുള്ള സ്കീമിലുള്ള മാക്കനാൽ തോട്ടിലെ പാലം പണിയുടെയും കാക്കതോട്ടിലെ പാലം പണിയുടെയും നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

പഞ്ചായത്ത് വിഹിതം സ്വീകരിച്ചുകൊണ്ടുള്ള മാക്കനാൽ തോട്ടിലെ പാലം പണിക്ക് ഗവൺമെന്റ് 24–8–1985–ൽ പ്രത്യേകാനുമതി നൽകി. ഈ പണിക്ക് ലഭിച്ച ടെണ്ടർ സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. കാക്കതോട്ടിലെ പാലം പണിയുടെ എസ്റ്റിമേറ്റ് ആർ. ആൻഡ് ബി. ചീഫ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ട്. ഇത് ചീഫ് എഞ്ചിനീയർ പരിശോധിച്ചുവരുന്നു.

മല്ലപ്പള്ളി സബ് ഡിവിഷന്റെ കീഴിലുള്ള തകർന്ന പാലങ്ങൾ

408 [443] ശ്രീ. ടി.എസ്. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി സബ് ഡിവിഷന്റെ കീഴിലുള്ള തകർന്ന രണ്ട് ചെറിയ പാലങ്ങൾ നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) പത്തനംതിട്ട ജില്ലയിൽ തിരുവല്ല–മല്ലപ്പള്ളി റോഡിൽ കി.മീ. 10/0 ലും 10/400 ലുമുള്ള കലുങ്കുകൾ ആയിരിക്കണം പ്രസ്തുത ചെറിയ പാലങ്ങൾ എന്ന് കരുതുന്നു. അവ അപകടാവസ്ഥയിലല്ല. ഈ കലുങ്കുകളിൽകൂടി ഇപ്പോഴും വാഹനങ്ങൾ കടന്നുപോകുന്നുണ്ട്. എന്നിരുന്നാലും പഴക്കം ചെന്ന ഈ കലുങ്കുകൾ പുതുക്കി പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കല്ലുങ്കൽകടവ് പാലത്തിന്റെ എസ്റ്റിമേറ്റ്

409 [444] ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലാട്–പരുത്തുംപാറ റോഡിലുള്ള കല്ലുങ്കൽ കടവ് പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറായിക്കഴിഞ്ഞോ;

(ബി) എങ്കിൽ തുക എത്ര;

(സി) റോഡിന്റെ പണി പൂർത്തിയാകുന്ന സ്ഥിതിക്ക് പാലത്തിന്റെ പണി എത്രയുംവേഗം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) പാലത്തിന്റെ ഡിസൈൻ പൂർത്തിയായിട്ടില്ല. ഡിസൈനും മറ്റ് നടപടിക്രമങ്ങളും പൂർത്തിയായ ശേഷമേ പണി ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയൂ. അതിനാൽ പാലത്തിന്റെ പണി ഉടനെ ആരംഭിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

വളപട്ടണം പാലത്തിന്റെ നിർമ്മാണച്ചെലവ്

410 [445] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ വളപട്ടണം പാലത്തിന്റെ നിർമ്മാണത്തിന് എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഈ പാലത്തിന്റെ ചുങ്കം പിരിവിൽ 1986 മേയ് മാസം 31 വരെ എത്ര തുക പിരിഞ്ഞുകിട്ടിയിട്ടുണ്ട്;

(സി) എത്രവർഷക്കാലം ഇനിയും ചുങ്കം പിരിക്കേണ്ടിവരുമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) വളപട്ടണം പാലത്തിന്റെ നിർമ്മാണത്തിന് 243 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ പാലത്തിന്റെ ചുങ്കം പിരിവിൽ 1986 മേയ് 31 വരെ 168 ലക്ഷം രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(സി) ഇനിയും മൂന്നുവർഷം കൂടിയെങ്കിലും ചുങ്കം പിരിക്കേണ്ടിവരുമെന്നാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly